

THURSDAY 09.11.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA



Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 09/11/2023

1. കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടാൻ താല്പര്യമുള്ള കർഷകർ നവംബർ 10നകം അതാത് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷിക്കൂട്ടങ്ങളിൽ അംഗങ്ങൾ ആയിട്ടുള്ള കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും അപേക്ഷ നൽകാവുന്നതാണ്.

2. കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴി കൃഷി നാശനഷ്ടങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാം. അതിനായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും, നാശനഷ്ടം സംഭവിച്ച കാർഷിക വിളകളെയും സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കൃഷിഭവനുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in വെബ്സൈറ്റുകൾ സന്ദർശിക്കുക.

3. 2022ൽ ആവർത്തനക്കൃഷിയും പുതുക്കൃഷിയും നടത്തിയ റബ്ബർകർഷകരിൽ നിന്ന് ധനസഹായത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. പരമാവധി രണ്ടുഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' വെബ് പോർട്ടലിലൂടെ ഓൺലൈനായി 2023 ഒക്ടോബർ 16 മുതൽ നവംബർ 30 വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖയായി വോട്ടർ ഐ.ഡി, ഡ്രൈവിങ് ലൈസൻസ്, പാൻകാർഡ്, പാസ്പോർട്ട് എന്നിവയിലൊന്നിന്റെ കോപ്പി, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, റബ്ബർതൈ വാങ്ങിയതിന്റെ ബില്ല്, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കും വേണ്ടിയുള്ള നോമിനേഷൻ എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. നിർദിഷ്ട തീയതിക്കുള്ളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള തോട്ടങ്ങൾ പരിശോധിച്ചതിനുശേഷം റബ്ബർകൃഷി വികസനപദ്ധതി നിയമപ്രകാരം അർഹതയുള്ള ധനസഹായം (ഹെക്ടർ പ്രതി 25,000/ രൂപ എന്ന നിരക്കിൽ) കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ

www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസ്, ഫീൽഡ് സ്റ്റേഷൻ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.

4. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ, തെരുവിൽ പാർക്കുന്നതും അനാഥരുമായ പക്ഷിമൃഗാദികളുടെ ഭക്ഷണം, പാർപ്പിടം, പരിചരണം ശുശ്രൂഷ തുടങ്ങിയ മേഖലയിലുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 നവംബർ മാസം 20-ാം തീയതിക്കകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

5. കാർഷിക സർവകലാശാല ആരംഭിച്ച പുതിയ വിവിധ സർട്ടിഫിക്കറ്റ്, പി എച് ഡി, പി.ജി പി.ജി ഡിപ്ലോമ,ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി 25.11.2023 വരെ നീട്ടി. അപേക്ഷകർ https://kau.in/newþgenerationþcertificateþcourses, http://admnewpgm.kau.in/ എന്നീ ലിങ്കുകളിലൂടെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

പരിശീലന പരിപാടി

6. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 16ന് താറാവ് വളർത്തൽ, 21ന് ആട് വളർത്തൽ 24ന് അടുക്കള മുറ്റത്തെ കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ 0484 2950408 എന്ന ഫോൺ നമ്പറിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 14, 15 തീയതികളിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ താല്പര്യമുള്ള കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ ഈ മാസം 13ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972-763473

8. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന കാർഷിക പരിശീലന കേന്ദ്രം 2023 നവംബർ മാസത്തിൽ ചെറുധാന്യ കൃഷിരീതിയും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണവും, ശീതകാല പച്ചക്കറികൃഷി, നഴ്സറി പരിപാലനവും സസ്യപ്രജന രീതിയും, അലങ്കാര ചെടികളും പൂന്തോട്ട പരിപാലനവും എന്നീ നാല് വിഷയങ്ങളിൽ കോഴിക്കോട് വയനാട് എന്നീ ജില്ലകളിൽ നിന്നുള്ള കർഷകർക്ക് പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള കർഷകർ 0495 2373582 എന്ന ഫോൺ നമ്പറിൽ 15 നു മുൻപ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. രാവിലെ 10 മണി മുതൽ 5 മണി വരെ ക്ലാസ് ഉണ്ടായിരിക്കുമെന്ന് വേങ്ങേരി കാർഷിക പരിശീലന കേന്ദ്രം കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

9. കേരള കാർഷിക സർവകലാശാല, നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്, ആലപ്പുഴയിൽ നബാർഡ് ധന സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി പരിശീലന പരിപാടി സൗജന്യമായി 2023 നവംബർ 15 നും ഡിസംബർ 15 നും ഇടയിൽ നടത്തപ്പെടുന്നു. കൂൺ കൃഷി എന്നവിഷയത്തിൽ രണ്ടുദിവസത്തെയും, കൂൺ വിത്ല്പാദനം എന്നവിഷയത്തിൽ മൂന്നുദിവസത്തെയും പരിശീലനം നടത്തുന്നു. കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി 0477 2702245 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: rrsmancompu@kau.in